(ബി) 750 രൂപയോ അതിൽക്കൂടുതലോ പ്രതിമാസ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻമാർ വായ്പയ്ക്കു അർഹരാണ്. അപേക്ഷകന്റെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിന് വാഹനത്തിന്റെ ആവശ്യകതയും കൂടി കണക്കിലെടുത്താണ് വായ്പ നൽകുന്നത്.

(സി) ഒരാൾ ഹരിജനാണെന്ന് വ്യക്തമായി അറിയാം. ബാക്കിയുള്ളവർ അവരുടെ അപേക്ഷയിൽ ഹരിജനാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

(ഡി) 96 (പ്രതിമാസ) തവണകളായിട്ടാണ് തിരിച്ച് അടയ്ക്കേണ്ടത്.

(ഇ) 6% പലിശ ഈടാക്കുന്നു.

(എഫ്) 1975 ജൂലൈ 8-ലെ ജി. ഓ (പി) 302/75/ധനകാര്യം എന്ന ഉത്തരവനുസരിച്ച് ഹരിജനങ്ങൾ അപേക്ഷയിൽ പ്രത്യേക മുൻഗണന ആവശ്യപ്പെടുന്ന പക്ഷം പരിഗണന നൽകുന്നതാണ്.

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ഹരിജനങ്ങൾക്ക് നൽകിയ വായ്പ

706 [1030] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും എത്ര ഹരിജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുണ്ട്;

(ബി) വ്യാവസായിക വായ്പ എടുത്തിട്ടുള്ള ഹരിജനങ്ങൾ എത്ര; ഏതെല്ലാം വ്യവസായങ്ങൾക്കാണ് വായ്പ നൽകിയിട്ടുള്ളത്;

(സി) വ്യാവസായിക വായ്പക്ക് എന്ത് പലിശയാണ് ഈടാക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിജനങ്ങളായ വ്യവസായ സംരംഭകർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയനുസരിച്ചു മൂന്നു അപേക്ഷകർക്കും ഹരിജനങ്ങൾ മാത്രം അംഗങ്ങളായുള്ള ഒരു വ്യവസായ കമ്പനിക്കും കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നൽകിയിട്ടുണ്ട്. ജനറൽ സ്കീമനുസരിച്ചു എത്ര ഹരിജനങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ടെന്നു കണക്കാക്കിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ് വ്യവസായ സ്ഥാപനങ്ങളിലായി 8 (എട്ട്) ഹരിജനങ്ങൾ വായ്പ എടുത്തിട്ടുണ്ട്. പ്രിന്റിംഗ് പ്രസ്, ഓയിൽ മിൽ, നട്ടുബോൾട്ട് മുതലായവ ഉണ്ടാക്കുക എന്നീ വ്യവസായങ്ങൾക്കു വേണ്ടിയാണ് വായ്പ നൽകിയിട്ടുള്ളത്.

(സി) സാധാരണ നിരക്കിൽ നിന്നും ഒരു ശതമാനം കുറച്ചാണ് പലിശ ഈടാക്കുന്നത്. അതായത് മുന്നോക്ക പ്രദേശങ്ങളിൽ 10 ശതമാനവും പിന്നോക്ക പ്രദേശങ്ങളിൽ 8½ ശതമാനവും.

LIBRARY ARCHIVES Kerala Legislative Assembly